പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 440 07.01.2014 -ൽ മറുപടിക്ക്

അങ്കമാലി കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ ലേലം

ചോദ്യം

ശ്രീ. ജോസ് തെറ്റയിൽ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.റ്റി.ഡി.എഫ്.സി. അങ്കമാലിയിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ പൈലറ്റ് പ്രൊജക്ട് ആയി നിർമ്മിച്ചിട്ടുള്ള കെ.എസ്.ആർ. ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംങ് കോംപ്ലക്സിൽ സ്ഥലം ലേലം ചെയ്തതു വഴി കെ.റ്റി. ഡി.എഫ്.സി.-യ്ക്ക് ലഭ്യമായിട്ടുള്ള സെക്യൂരിറ്റി തുക എത്രയെന്ന് വെളിപ്പെടുത്താമോ ; | (എ) | സെക്യൂരിറ്റി തുകയായി മൊത്തം 10,86,03,420/- രൂപ ലഭിച്ചു. |
| (ബി) | ഇപ്പോഴത്തെ പ്രതിമാസ വാടക ഇനത്തിലെ വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ ; | (ബി) | പ്രതിമാസ വാടകയിനത്തിൽ മൊത്തം 11,69,407.30 രൂപ ലഭിയ്ക്കുന്നു. |
| (സി) | ഈ തുക എവിടെയാണ് നിക്ഷേപി ച്ചിട്ടുള്ളതെന്നും ഈ ഇനത്തിൽ കെ.റ്റി.ഡി.എഫ്.സി.-യ്ക്ക് ലഭിക്കു ന്ന പലിശ എത്രയെന്നും വിശദമാ ക്കാമോ ; | (സി) | ഈ തുക കെ.റ്റി.ഡി.എഫ്.സിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.<br>പലിശ നിരക്ക് നിശ്ചയിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | സ്ഥലം ലേലത്തിനെടുത്തവരിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് പൂർണ്ണ മായി അടക്കാത്തവർ ആരെല്ലാ മാണ് ; ഇവർക്കെതിരെ എന്ത് നട പടി സ്വീകരിച്ചെന്ന് വിശദമാ ക്കാമോ ; | (ഡി) | സ്ഥലം ലേലത്തിനെടുത്തവരിൽ ശ്രീ. നാസർ. എം, ശ്രീമതി. പി. ബേബി എന്നിവർ സെക്യൂരിറ്റി തുക പൂർണ്ണ മായും അടച്ചിട്ടില്ല. അവർക്ക് സ്ഥലം അനുവദിച്ച നടപടി ദർഘാസ്-ലേല നടപടികളുടെ സംജ്ഞകളും നിബന്ധന കളും ചട്ടം അഞ്ചും ആറും അനുസരിച്ച് |

| | | | |
|---|---|---|---|
| | | | റദ്ദാക്കുകയും, ശ്രീ. നാസർ .എം അടച്ച തുകയിൽ 25 ശതമാനം തുകയായ രൂപ 190,760/- കെ.ടി.ഡി.എഫ്.സി.യുടെ കണക്കിലേയ്ക്ക് കണ്ടുകെട്ടുകയും. ശ്രീമതി. പി. ബേബി അടച്ച മൊത്തം തുകയുടെ 25 ശതമാനത്തെക്കാൾ അവർ നിക്ഷേപിച്ച നിരതദ്രവ്യമായ തുക (രൂപ: 10,000/-) അധികമായതിനാൽ, നിരതദ്രവ്യമായ രൂപ 10,000/- കെ.ടി.ഡി.എഫ്.സി.യുടെ കണക്കിലേയ്ക്ക് കണ്ടുകെട്ടുകയും ചെയ്തു. |
| (ഇ) | സ്ഥലം ലേലത്തിനെടുത്തവരിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് പൂർണ്ണമായി അടച്ച് കരാർ ഒപ്പിട്ട് സ്ഥാപനം തുടങ്ങിയവർ ആരെല്ലാമെന്ന് വിശദമാക്കാമോ ; | (ഇ) | താഴെ പറയുന്നവർ സെക്യൂരിറ്റി തുക പൂർണ്ണമായി അടച്ച് കരാർ ഒപ്പിട്ട് സ്ഥാപനം തുടങ്ങി :<br>1. അന്തപ്പള്ളി പ്ലാന്റേഷൻസ്.<br>2. ശ്രീ. ടോണി ആന്റണി<br>3. ശ്രീ. ബെന്നി കുര്യാക്കോസ്<br>4. ചെമ്മണ്ണൂർ ഗോൾഡ് പാലസ് ഇന്റർനാഷണൽ ലിമിറ്റഡ്.<br>5. ശ്രീ. പി.ജെ. ജയ്സൺ<br>6. ശ്രീ. എം.പി. ജോജി<br>7. മുത്തൂറ്റ് ഫിൻ കോർപ്പ്<br>8. ശ്രീ. നാസർ വി.യു<br>9. ശ്രീ. പി. മുരളീധരൻ<br>10. ശ്രീ. സന്തോഷ് എൽ.ആർ<br>11. ശ്രീമതി. ഷീനാ ബെന്നി |
| (എഫ്) | സെക്യൂരിറ്റി ഡെപ്പോസിറ്റ് പൂർണ്ണമായി അടച്ച് കരാർ ഒപ്പിട്ട ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് മുനിസിപ്പാലിറ്റിയിൽ നിന്ന് ഡോർ നമ്പറും ഒക്കുപെൻസി സർട്ടിഫിക്കറ്റും ലഭിച്ചിട്ടുള്ളത് ; ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് ഇത് ലഭിക്കാനുള്ളത് ; കാലതാമസത്തിന് കാരണം വിശദമാക്കാമോ ? | (എഫ്) | ശ്രീ. ബെന്നി കുര്യാക്കോസിന്റെയും ശ്രീ. പി.ജെ ജയ്സന്റെയും (അഞ്ചാം നില) സ്ഥാപനങ്ങൾ ഒഴികെ മറ്റെല്ലാ സ്ഥാപനങ്ങൾക്കും ഡോർ നമ്പർ ലഭിച്ചു കഴിഞ്ഞു. വാടക കരാർ ഒപ്പിടുന്നതിൽ വന്ന കാലതാമസം കാരണം മേൽ പറഞ്ഞ രണ്ട്പേർക്കും ഡോർ നമ്പർ ലഭിച്ചിട്ടില്ല. എല്ലാ സ്ഥലങ്ങൾക്കും ഒക്കുപെൻസി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ